ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ നിരീക്ഷണ ക്യാമറകൾ

218 (3040) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാപോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി എത്ര നിരീക്ഷണ ക്യാമറകളാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ എപ്പോഴാണ് സ്ഥാപിച്ചതെന്ന് പറയാമോ ;

(സി) ക്യാമറകൾ സ്ഥാപിക്കുന്നതിന് ഏത് സ്ഥാപനത്തിനായിരുന്നു ചുമതലയെന്നും, ആ സ്ഥാപനവുമായി ഉണ്ടാക്കിയ കരാറുകൾ എന്തൊക്കെയെന്നും വിശദമാക്കാമോ ;

(ഡി) സ്ഥാപിച്ച ക്യാമറകൾക്ക് ഗ്യാരണ്ടി/വാറണ്ടിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഇ) സ്ഥാപിച്ച എത്ര ക്യാമറകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; എത്ര ക്യാമറകളാണ് പൂർണ്ണമായും പ്രവർത്തനം നിലച്ചതെന്ന് പറയാമോ ; പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ കേടുപാടുകൾ പരിഹരിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 32 ക്യാമറകൾ

(ബി) .30-12-2014-ന് പൂർത്തിയായി.

(സി) ക്യാമറകൾ സ്ഥാപിക്കുന്ന ചുമതല കെൽട്രോണിനാണ് നൽകിയിട്ടുള്ളത്. 8-10-2014 തീയതിയിൽ കെൽട്രോൺ ജനറൽ മാനേജരും ജില്ലാ പോലീസ് മേധാവിയും തമ്മിൽ ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്.

കരാറിന്റെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

1. അംഗീകൃത മോഡലിലുള്ള ക്യാമറകൾ ആയിരിക്കും വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. ഉന്നതനിലവാരവും പ്രവർത്തനക്ഷമതയും ഉള്ള ക്യാമറകളായിരിക്കും വിതരണം ചെയ്യുന്നത്.

3. ക്യാമറകൾക്ക് ഒരു വർഷത്തെ വാറണ്ടി സ്ഥാപിക്കുന്ന തീയതി മുതൽ ഉണ്ടായിരിക്കും.

4. സമയബന്ധിതമായി എഗ്രിമെന്റ് പ്രകാരമുള്ള ഇകയ്യ് ക്യാമറകൾ വിതരണം ചെയ്യേണ്ടതാണ്.

5. സാധനങ്ങൾ വിതരണം ചെയ്ത് തൃപ്തികരമായ പ്രവർത്തനം ഉണ്ടെങ്കിൽ മാത്രമേ പേയ്മെന്റ് നൽകാൻ പാടുള്ളൂ.

(ഡി) ഉണ്ട്. 8-10-2014 തീയതിയിൽ കെൽട്രോൺ ജനറൽ മാനേജരും ജില്ലാ പോലീസ് മേധാവിയും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം ക്യാമറ പ്രവർത്തനസജ്ജമാക്കിയതുമുതൽ ഒരു വർഷമാണ് വാറണ്ടി കാലാവധി.

(ഇ) ഇപ്പോൾ 20 ക്യാമറകൾ പ്രവർത്തനക്ഷമമാണ്. 12 ക്യാമറകൾ പ്രവർത്തനം നിലച്ചു കേടുപാടു സംഭവിച്ച ക്യാമറകൾ പരിശോധിച്ചശേഷം പുനഃസ്ഥാപിക്കുന്നതിനായി കെൽട്രോൺ നടപടി സ്വീകരിച്ചുവരുന്നു.

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

219 (3041) <u>ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ജലസേചനവകുപ്പിന്റെ ഭൂമിയിലും കെട്ടിടത്തിലും പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച് കരാർ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ജലസേചന വകുപ്പിൽനിന്ന് അനുവദിച്ചത് എപ്പോഴാണ് ;

(ഡി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിനുള്ള നടപടികൾ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly